
01
2026
ജൂലൈ
ബുധൻ
മിഥുനം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 130 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-130 പേജ് 4. വില 2.00 രൂപ




02 നിപ ഭീതി ഒഴിഞ്ഞു: സമ്പർക്കപ്പട്ടികയിലെ എല്ലാവരും ക്വാറന്റൈൻ പൂർത്തിയാക്കി
03 കോച്ചിംഗ് സെൻററുകൾക്ക് കടിഞ്ഞാണിടാൻ കേന്ദ്രം: ദേശീയ നിയമം വരുന്നു
04 ശബരിമല സ്വർണക്കൊള്ളക്കേസ്: എസ്ഐടി അന്വേഷണത്തിൽ സർക്കാർ ഇടപെട്ടിട്ടില്ല– ചെന്നിത്തല

# 'സാറെ..എന്റെ പുറമോ കടപ്പുറമോ...'

## സഭയിൽ കടലിന്റെ മക്കാൾക്കായി പൊരിഞ്ഞ അടി

**യേശുദാസ് വില്യം.**
**നോട്ടിക്കൽ ടൈംസ് കേരള.**




തീരദേശത്ത് പ്രചരിക്കുന്നൊരു പഴയ തമാശയുണ്ട്.ഒരു ലഹളക്കാലത്ത് തീരദേശത്ത് പോലീസ് നിഷ്ഠൂരമായ മർദ്ദനം അഴിച്ചുവിട്ടു.കടപ്പുറത്തുണ്ടായിരുന്ന എല്ലാവർക്കും ലാത്തികൊണ്ടു നല്ല അടി കിട്ടി.കൂട്ടത്തിൽ പൊതിരെ മുതുകിൽ തല്ലു കിട്ടിയ മൽസ്യത്തൊഴിലാളി അടിച്ച പോലീസുകാരനോടു ചോദിച്ചു 'സാറെ ഇതെന്റെ പുറമോ കടപ്പുറമോ.. എന്ന്.ഇന്നു നിയമസഭയിൽ മൽസ്യത്തൊഴിലാളി ക്ഷേമം മുൻനിർത്തി സർക്കാരിനെതിരെ അടിയന്തിര പ്രമേയം അവതരിപ്പിച്ച മുൻ ഫിഷറീസ് മന്ത്രി സജി ചെറിയാന്റെ അവസ്ഥയും ഏറെക്കുറെ സമാനമായിരുന്നു.അദ്ദേഹം സർക്കാരിനെതിരെ നിരത്തിയ ആക്ഷേപങ്ങൾക്കെല്ലാം കൃത്യമായ മറുപടി കിട്ടുകയും.പിന്നെ അതു പ്രതിപക്ഷത്തിനൊന്നാകെ കിട്ടിയ കൂട്ടയടിയായി മാറുകയും ചെയ്തു.ട്രോളിംഗ് നിരോധനകാലത്തു മൽസ്യത്തൊഴിലാളികൾക്കു ലഭിക്കേണ്ട വർദ്ധിപ്പിച്ച ആശ്വാസധനം,പുനർഗേഹം പദ്ധതിയുടെ അനിശ്ചിതത്വം,സൗജന്യ റേഷൻ, ഇങ്ങെനെ എണ്ണിയെണ്ണി ചൂണ്ടിക്കാണിച്ചതിനൊക്കെ കൃത്യമായി മറുപടി സമാന്യേ പുതുമുഖമായ ഫിഷറീസ് മന്ത്രി അബ്ദുൾ ഗഫൂർ പറഞ്ഞു.സത്യത്തിൽ കഴിഞ്ഞ പത്തിരുപതു വർഷത്തെ നിയമസഭാ ചരിത്രം പരിശോധിച്ചാൽ കടലും മൽസ്യത്തൊഴിലാളികളും ഇത്രയേറെ ഗൗരവത്തോടെ പരാമർശിക്കപ്പെട്ടിട്ടുള്ള കാലം വേറയില്ല.യൂഡിഎഫ് സർക്കാരിന്റെ ബഡ്ജറ്റുപോലും തീരദേശത്തെയും,കടലും,കരിമണലും ഉൾപ്പെടുന്ന വികസനകാഴ്ച്ചപ്പാടു മുൻനിർത്തിയാണ്.അങ്ങിനെയുള്ള സാഹചര്യത്തിൽ അടിയന്തിര പ്രമേയത്തിനു മൽസ്യത്തൊഴിലാളി മേഖല എങ്ങിനെ വിഷയീഭവിച്ചു എന്നു മനസ്സിലാകുന്നില്ല.

അതുപോട്ടെ,അതിലും വലിയ ടിസ്റ്റ് പിന്നീടാണുണ്ടായത്.അടിയന്തിരപ്രമേയ അവതരണഘട്ടത്തിൽ ഇടപെട്ടുകൊണ്ട് വനം മന്ത്രി ഷിബു ബേബിജോൺ എഴുന്നേറ്റെങ്കിലും അവതാരകനായ മുൻ ഫിഷറീസ് മന്ത്രി സജിചെറിയാൻ വഴിങ്ങിയില്ലന്നു മാത്രമല്ല,കണ്ടഭാവം നടിച്ചില്ല.കൈ ഉയർത്തി ഷിബു ബേബിജോൺ പലവട്ടം ആവിശ്യപ്പെട്ടു.സംസാരിക്കുവാൻ സജി ചെറിയാൻ വഴിങ്ങിയില്ല.തുടർന്നു ഫിഷറീസ് മന്ത്രി മറുപടി പറയവേ ഷിബുബേബിജോണിനായി മന്ത്രി അബ്ദുൾ ഗഫൂർ വഴങ്ങി.ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് തൊഴിൽ വകുപ്പ് മൽസ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയ 'തണൽ' എന്ന പദ്ധതി 2021 ൽ അധികാരത്തിൽ വന്ന പിണറായിസർക്കാർ നിർത്തലാക്കിയെന്നും അറിവിലേക്കായി പറഞ്ഞുവെച്ചു.സഭനിർത്തിവെച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ടുന്ന ആവിശ്യമില്ലന്നു മന്ത്രി മറുപടി പറഞ്ഞിരുന്നപ്പോൾ വാക്കൗട്ട് പ്രസംഗത്തിനായി എഴുന്നേറ്റ പ്രതിപക്ഷനേതാവ് പിണറായിവിജയൻ മന്ത്രിയുടെ കഴിവുകേടു മറക്കുവാൻ മറ്റൊരു മന്ത്രി എത്തുന്നത് സഭയിലാദ്യത്തെ സംഭവമാണന്നമട്ടിൽ തുടങ്ങി.അതോടെ ഇരുപക്ഷവും ബഹളത്തിലായി.സ്പീക്കർ ഇടപെട്ടു.കഴിവുകെട്ടതെന്ന പ്രയോഗമാണ് ഭരണപക്ഷത്തെ ചൊടിപ്പിച്ചത്.അതൊരു കനലായി ഷിബു മന്ത്രിയുടെ മനസ്സിൽ കിടക്കുകയായിരുന്നെന്നു ഉച്ചക്കു ശേഷമാണ് മനസ്സിലായത്.പുതുക്കിയ ധനാഭ്യർത്ഥനക്കു മേലുള്ള ഇരുപതംഗങ്ങളുടെ ചർച്ചയായിരുന്നു പിന്നീട്. തുടർന്നു മന്ത്രിമാരുടെ മറുപടിക്കുള്ള ഊഴം വന്നു.

ഏഴാമതായി മന്ത്രി ഷിബു ബേബിജോൺ മറുപടിക്കായി എഴുന്നേറ്റു.രാവിലെ ചില കാര്യങ്ങൾ സംഭവിച്ചു അതിനാൽ രേഖകൾ പരിശോധിച്ചപ്പോൾ കഴിഞ്ഞ പിണരായി സർക്കാരിന്റെ കാലത്ത് ഏഴുതവണ ഇത്തരത്തിൽ മന്ത്രിമാർ പ്രസംഗിക്കുമ്പോൾ ഭരണപക്ഷത്തു നിന്നു തന്നെയുള്ള ഇടപെടലുകൾ നടന്നിട്ടുണ്ടെന്നും അതിലൊന്ന് മുഖ്യമന്ത്രി ആയിരുന്ന അങ്ങു പ്രസംഗിക്കുമ്പോൾ അന്നത്തെ വനംമന്ത്രി എ.കെ.ശശീന്ദ്രൻ ആയിരുന്നുവെന്നും മന്ത്രി ഷിബു പറഞ്ഞു.ഇതിനർത്ഥം മുഖ്യമന്ത്രി ആയിരുന്ന അങ്ങ് കഴിവുകെട്ടവനാണന്നാണോ അർത്ഥമെന്നു ചോദിച്ചപ്പോഴേക്കും സഭ കലങ്ങി.സഭവിക്കാൻ പാടില്ലാത്തതാണിവിടെ നടക്കുന്നത് അതിനാൽ ഞങ്ങളിരിക്കുന്നില്ലന്നു പ്രതിപക്ഷനേതാവ് പിണറായി വിജയൻ ക്ഷോഭത്തോടെ പറഞ്ഞുകൊണ്ടു പ്രതിപക്ഷം ഇറങ്ങിപ്പോയി.

പറയാൻബാക്കിവെച്ചിരുന്ന കാര്യമല്ല നേരത്തെ മന്ത്രി ഷിബു പറഞ്ഞത്.സർക്കാർ അധികാരമേറ്റ് ഒന്നര മാസത്തിനിടയിൽ തനിക്കെതിരെ മൂന്നു ഫേസ്ബുക്ക് പോസ്റ്റുകൾ പ്രതിപക്ഷ നേതാവിന്റേതായി വന്നു. കടപ്പുറത്തുള്ളയാളാണ് എന്ന പരാമർശം വന്നു.പക്ഷേ ആരും അതിനെ തിരുത്തിയില്ല.സഭബഹളത്തിൽമുങ്ങി അങ്ങിനെയൊരു പരാമർശം ഞങ്ങളാരും നടത്തിയിട്ടില്ലന്നു ബാലഗോപാൽ പറഞ്ഞപ്പോൾ ആ പറഞ്ഞയാൾ നിങ്ങടെ പാർട്ടിക്കാരനല്ലന്നു ഞാനിപ്പോഴാണറിയുന്നതെന്നും ഷിബു ബേബിജോൺ തിരിച്ചടിച്ചു.

ധനാഭ്യർത്ഥനക്കുള്ള മറുപടിയും വനം വകുപ്പിന്റെ അവസ്ഥയും നൂറുദിന പരിപാടിയിൽ മാറ്റമുണ്ടാകുമെന്നും വരച്ചുകാട്ടിയ ഷിബു ബേബി ജോൺ മറ്റൊന്നു കൂടിപ്പറഞ്ഞു.അദ്ദേഹത്തിന്റെ തന്നെ വകുപ്പായ നൈപുണ്യ വികസനം വകുപ്പിനെക്കുറിച്ചായിരുന്നു അത്. ഇന്ത്യയിൽ ഒരു സംസ്ഥാനത്ത് ആദ്യമായി നൈപുണ്യവകുപ്പ് നിലവിൽ വന്നതു ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തു ഷിബുബേബിജോണിന്റെ സാരഥ്യത്തിലായിരുന്നു.കഴിഞ്ഞ പത്തു കൊല്ലം കൊണ്ടു നൈപുണ്യവകുപ്പ് പൊളിച്ചടുക്കിയിരിക്കുന്നു.

വകുപ്പിലെ ഇപ്പോഴത്തെ അവസ്ഥ കണ്ടു ഭയം തോന്നി മന്ത്രി ഷിബു പറഞ്ഞു.ലോകത്തെ മാറുന്ന തൊഴിൽ സംസ്ക്കാരവും ജോബ്മാർക്കറ്റുമൊക്ക ഏഴയലത്തു നമ്മളില്ല. തന്നെ കാണുവാൻ വന്നൊരു സംഘം പലതും വിശദമാക്കിയപ്പോൾ നമ്മൾ ഇല്ലിട്രേറ്റഡായ തലമുറയെ വളർത്തുകയായിരുന്നോ എന്നു തോന്നിപ്പോയി..

## ഐടി നഗരത്തെ ഞെട്ടിച്ച് വൻ ലഹരിവേട്ട; മലയാളി ഉൾപ്പടെ 17 പേർ പിടിയിൽ

ബംഗളൂരു: പോലീസും നാർക്കോട്ടിക്സ് വിഭാഗവും ബംഗളൂരുവിൽ നടത്തിയ പരിശോധനയിൽ വൻ മയക്കുമരുന്ന് സംഘത്തെ അറസ്റ്റ് ചെയ്തു. നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി 25 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടിച്ചെടുത്തെന്നും ഒരു മലയാളിയും മൂന്ന് നൈജീരിയൻ സ്വദേശികളും ഉൾപ്പെടെ 17 പേരെ അറസ്റ്റ് ചെയ്തെന്നും പോലീസ് പറഞ്ഞു. എച്ച്ബിആർ ലേഔട്ടിൽ വെച്ച് ലഹരിവിൽപ്പന നടത്തുന്നതിനിടെയാണ് മലയാളി മുഹമ്മദ് ഒമറുള്ള ഫാറൂഖ് പിടിയിലാകുന്നത്. അന്താരാഷ്ട്ര വിപണിയിൽ രണ്ട് കോടി രൂപ വിലവരുന്ന രണ്ട് കിലോ ഹൈഡ്രോ കഞ്ചാവ് ഇയാളിൽ നിന്ന് കണ്ടെടുത്തു. ഇയാൾക്കൊപ്പം ഹാരിസ് എന്ന മറ്റൊരു യുവാവും പിടിയിലായിട്ടുണ്ടെങ്കിലും ഇയാൾ മലയാളിയാണോയെന്ന് പോലീസ് സ്ഥിരീകരിച്ചിട്ടില്ല. ഇതിന് പുറമേ മഡിവാള, രാജാജി നഗർ, തിലക് നഗർ, വൈറ്റ്ഫീൽഡ്, സുബ്രഹ്മണ്യ നഗർ, യെശ്വന്ത്പൂർ എന്നിവിടങ്ങളിലെ പരിശോധനകളിലും മയക്കുമരുന്ന് കണ്ടെടുത്തു. ഇവിടെ മൂന്ന് നൈജീരിയൻ സ്വദേശികളിൽ നിന്നായി 21 കോടി രൂപ വില വരുന്ന 10 കിലോ എംഡിഎംഎ പിടിച്ചെടുത്തു. വീട് വാടകയ്ക്കെടുത്ത് ഐടി ജീവനക്കാർക്കും വിദ്യാർഥികൾക്കുമാണ് ഇവർ ലഹരി വിതരണം ചെയ്തിരുന്നതെന്ന് പോലീസ് കണ്ടെത്തി.

## വിഴിഞ്ഞം തീരത്ത് നിന്ന് കാണാതായ മൂന്ന് മത്സ്യതൊഴിലാളികളെ കണ്ടെത്തി

തിരുവനന്തപുരം: വിഴിഞ്ഞം തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോയി കാണാതായ മൂന്ന് തൊഴിലാളികളെയും കണ്ടെത്തി. വെട്ടുകാട് സ്വദേശികളായ സനു (37), റോബിൻസൺ (55), വലിയവെളി സ്വദേശി ബാബു (40) എന്നിവരെയാണ് മണിക്കൂറുകൾ നീണ്ട തിരച്ചിലിനൊടുവിൽ സുരക്ഷിതരായി

കണ്ടെത്തിയത്.

ഞായറാഴ്ച വൈകിട്ട് മൂന്നോടെ കടലിൽ പോയ ഇവർ 29-ന് പുലർച്ചെ തിരിച്ചെത്തുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പറഞ്ഞ സമയത്തിനുള്ളിൽ തിരിച്ചെത്താത്തതിനെ തുടർന്ന് ബന്ധുക്കൾ വിവരം കോസ്റ്റൽ പോലീസിനെ അറിയിക്കുകയായിരുന്നു.

തുടർന്ന് മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗവും കോസ്റ്റ് ഗാർഡും സംയുക്തമായി നടത്തിയ തിരച്ചിലിലാണ് മൂവരെയും സുരക്ഷിതമായി കണ്ടെത്താനായത്.

## ഒരാഴ്ചയായി തുടരുന്ന തെരച്ചിലിലും കടലിൽ കാണാതായ ഹോമിയോ ഡോക്ടറെ കണ്ടെത്തിയില്ല

വിഴിഞ്ഞം: കലങ്ങിമറിയുന്ന കടലിൽ ബോട്ടിറക്കി തുടർച്ചയായി തെരച്ചിലിനൊടുവിലും ഡോ. ശ്രീജിത്ത് കാണാമാറയത്തു തന്നെ. കഴിഞ്ഞ ഏഴു ദിവസമായി തുടരുന്ന തെരച്ചിലും വിഫലമായതോടെ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുകയാണ് വിഴിഞ്ഞത്തെ സേനാ വിഭാഗങ്ങൾ.വയനാട് പയ്യംപള്ളി വണ്ണിയൂർക്കാവ് നന്ദനത്തിൽ ഹോമിയോ ഡോക്ടറായ ശ്രീജിത്തിനായുള്ള തിരച്ചിലാണ് എങ്ങുമെത്താതെ തുടരുന്നത്. വിഴിഞ്ഞം ബൊള്ളാർഡ് പുൾ ടെസ്റ്റിംഗ് കേന്ദ്രത്തിന് സമീപത്തെ പാറക്കൂട്ടത്തിൽ നിന്ന് തിരയിൽപ്പെട്ട് കാണാതായ ശ്രീജിത്ത് എവിടെയെന്നതിനെക്കുറിച്ച് ഒരു വ്യക്തതയും അധികൃതർക്കില്ല. ഉൾക്കടൽ വരെ കഴിഞ്ഞദിവസങ്ങളിൽ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പാറക്കൂട്ടത്തിൻറെ അടിത്തട്ടിലോ, തുറമുഖത്തെ പുലിമുട്ടിലോ യുവാവ് കുടുങ്ങിക്കിടപ്പുണ്ടോ എന്നും അധികൃതർ സംശയിക്കുന്നു. ശക്തമായ കടൽക്ഷോഭമുള്ളതിനാൽ ദൂരെക്ക് ഒഴുകിപ്പോകാനുള്ള സാധ്യതയും അധികൃതർ തള്ളിക്കളയുന്നില്ല.പ്രകൃതിരമണീയമായ കടലും പാറക്കൂട്ടങ്ങളെയും ഇടിച്ച് മറിച്ച് കരയിലേക്ക് വരുന്ന തിരമാലകളുമെല്ലാം കാഴ്ചക്കാർക്ക് എന്നും ദൃശ്യവിരുന്നൊരുക്കുന്നെങ്കിലും ഇവിടെ പതിയിരിക്കുന്നത് വൻ അപകടമാണ്. വിഴിഞ്ഞത്തെ രണ്ടു തുറമുഖങ്ങളുടെ പുലിമുട്ടുകളിലും കോവളം ലൈറ്റ് ഹൗസിനു സമീപത്തെ പാറക്കൂട്ടങ്ങളിലും ഇടിച്ച് ചുഴറ്റിവരുന്ന ശക്തമായ തിരമാലകളാണ് സഞ്ചാരികളുടെ ജീവനു ഭീഷണിയാകുന്നത്.കടൽത്തിരകളെ പശ്ചാത്തലമാക്കി സെൽഫിയെടുക്കാൻ പാകത്തിലുള്ള വിശാലമായ അടുക്ക് പാറകളിൽ ആവേശത്തോടെ കയറിക്കൂടിയവർക്ക് ഒടുവിൽ ദുഃഖത്തിനാണ് വഴി യൊരുങ്ങിയത്. തിരച്ചുഴിയും പാറക്കടിയിലെ ചെറിയ ഗുഹകളും മീൻപിടിത്തക്കാർക്കും ചിപ്പിത്തൊഴിലാളികൾക്കു പോലും പേടിസ്വപ്നമാണ്. വീണാലുടൻ പാറക്കടിയിലേക്കു വലിച്ചു കൊണ്ടുപോകുമെന്ന പേടിയിൽ വിഴിഞ്ഞത്തുകാർ ഇവിടെ ഇറങ്ങാറുമില്ല . എന്നാൽ അപകടക്കെണിയറിയാതെ ദൂരെ സ്ഥലങ്ങളിൽ നിന്ന് ഇവിടെ എത്തിയവരാണ് അപകടത്തിൽപ്പെടുന്നവരിൽ ഏറെയും.

## ചെറുമത്സ്യങ്ങളെ പിടിച്ച മൂന്ന് വള്ളങ്ങൾ പിടികൂടി : ലക്ഷങ്ങളുടെ മത്സ്യം നശിപ്പിച്ചു

പെരുമാതുറ :സർക്കാർ നിശ്ചയിച്ചിട്ടുള്ള വലുപ്പത്തിൽ താഴെയുള്ള ചെറു മത്സ്യങ്ങളെ പിടിച്ച മൂന്ന് വള്ളങ്ങൾ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെൻറും കോസ്റ്റൽ പോലീസും ചേർന്ന് മുതലപ്പൊഴിയിൽ പിടികൂടി.

അഞ്ചുതെങ്ങ് പൂത്തുറ സ്വദേശി വിനോദിൻറെ ഉടമസ്ഥതയിൽ ഉള്ള ജീസസ്, വെട്ടുതുറ സ്വദേശി നിതിൻ റിച്ചാർഡിൻറെ ഉടമസ്ഥതയിലുള്ള നിത്യസഹായ മാതാവ്,കടക്കാവൂർ ആനത്തലവട്ടം സ്വദേശി പ്രിൻസിൻറെ സങ്കീർത്തനം എന്നീ ബോട്ടുകളാണ് പിടികൂടിയത്.

അയല, കൊഴിയാള ഇനങ്ങളിൽപ്പെട്ട ചെറുമീനുകളാണ് വള്ളങ്ങളിലുണ്ടായിരുന്നത്. മുതലപ്പൊഴി താഴംപള്ളി ലേല ഹാളിൽ എത്തിയപ്പോഴാണ് ഇവ കസ്റ്റഡിയിലെടുത്തത്.

പിടികൂടിയ വള്ളങ്ങളിൽ ഏകദേശം ആറ് ലക്ഷം രൂപയുടെ ചെറുമത്സ്യങ്ങൾ ഉണ്ടായിരുന്നു. നിയമവിരുദ്ധമായി പിടിച്ച ഈ മത്സ്യങ്ങൾ അധികൃതർ നശിപ്പിച്ചു കളഞ്ഞു.

വള്ളങ്ങൾ നിലവിൽ മറൈൻ എൻഫോഴ്സ്മെൻറിൻറെ കസ്റ്റഡിയിലാണ്. ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറിന് റിപ്പോർട്ട് സമർപ്പിച്ച ശേഷമേ പിഴത്തുകയുടെ കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാകൂ എന്ന് ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ മനു അറിയിച്ചു.

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ മനു, കോസ്റ്റൽ പോലീസ് എസ് ഐ നിസ്സാറുദ്ദീൻ, അരുൺ വി എൽ, ലെത്ത ജോൺസൻ, മറൈൻ എൻഫോഴ്സ്മെൻറ് പോലീസ് ഉദ്യോഗസ്ഥരായ അജീഷ്, അനന്തു എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

## തീരെ ജ്വാല മന്ത്രിമാർക്ക് നിവേദനം നൽകി

തിരുവനന്തപുരം :1947ന് മുൻപ് പോർച്ചുഗീസുകാരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നല്കി വരുന്ന ലത്തീൻ കത്തോലിക്കാ മുക്കുവ സംവരണം ഇന്ന് വ്യാപകമായി അനർഹർ കവർന്നെടുത്തുകൊണ്ടിരിക്കുന്നു. ആഴക്കടലിൽപോയി അധ്വാനിച്ച് കഷ്ട്പ്പെട്ട് ജീവിക്കുന്ന പാവങ്ങളെ വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഉയർത്തിക്കൊണ്ടുവന്ന് അവരെ സമൂഹത്തിൻറെ മുഖ്യധാരയിൽ കൈപിടിച്ചുയർത്താൻ നടപ്പാക്കിയ സംവരണം പിൻവാതിലിലൂടെ വരേണ്യവർഗ്ഗം വീതംവച്ചെടുക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ മക്കൾ പൂർണ്ണമായും പുറന്തള്ളപ്പെടുന്നു. ഈ വഞ്ചന തിരുത്തപ്പെടണമെന്നാവശപ്പെട്ട് 'തീരജ്വാല' കോസ്റ്റൽ കമ്മ്യൂണിറ്റീസ് ചാരിറ്റബിൾ ട്രസ്റ്റ് അംഗങ്ങൾ കേരളത്തിലെ പിന്നോക്ക ക്ഷേമവകുപ്പ് മന്ത്രി കെ എ തുളസിക്കും, ഫിഷറീസ് വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂറിനും ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി സി പി ജോണിനും നിവേദനങ്ങൾ നല്കി.

തീരജ്വാല ചെയർമാൻ അഡോൾഫ് ജെറോം, ജനറൽ സെക്രട്ടറി ഡോ ഫ്രാൻസിസ് ആൽബർട്ട്, ട്രഷറർ ക്ലമൻസ്, വൈസ് ചെയർമാൻമാരായ പി സ്റ്റെല്ലസ്, അഡ്വ ലഡ്ഗർ ബാബ, ലീല എം, ജോയിൻറ് സെക്രട്ടറിമാരായ ദേവപ്രസാദ് ജോൺ, റ്റീന എം, എക്സിക്യൂട്ടിവ് അംഗങ്ങളായ ജോൺ ബോസ്കൊ, പെട്രീഷ്യ, ലജിത എന്നിവർ സന്നിഹിതരായിരുന്നു.





# നിപ ഭീതി ഒഴിഞ്ഞു: സമ്പർക്കപ്പട്ടികയിലെ എല്ലാവരും ക്വാറന്റൈൻ പൂർത്തിയാക്കി

നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിലെ എല്ലാവരും സുരക്ഷിതമായി ക്വാറന്റൈൻ പൂർത്തിയാക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ അറിയിച്ചു. കൃത്യമായ രോഗനിർണയത്തിന്റെയും ശക്തമായ പ്രതിരോധ നടപടികളുടെയും വിജയമാണിത്. കൺടൈൻമെന്റ് സോൺ ഉൾപ്പെടെയുള്ള ജനങ്ങളുടെ ഉപജീവനവും സഞ്ചാരസ്വാതന്ത്ര്യവും തടസ്സപ്പെടുത്തുന്ന നടപടികളിലേക്കു കടക്കാതെ തന്നെ രോഗം നിയന്ത്രിക്കാൻ കഴിഞ്ഞത് കൂടുതൽ സന്തോഷം നൽകുന്നുവെന്ന് മന്ത്രി പറഞ്ഞു.

രോഗം കൂടുതൽ പേരിലേക്ക് വ്യാപിക്കുന്നതിന് മുൻപ് കണ്ടെത്താൻ കഴിഞ്ഞതും കൃത്യതയോടെ സമ്പർക്കപ്പട്ടിക തയാറാക്കി നിരീക്ഷണം ഏർപ്പെടുത്തിയതുമാണ് രോഗവ്യാപനം തടയാൻ സഹായിച്ചത്. ഇതിനു പിന്നിൽ പ്രവർത്തിച്ച ജില്ലാ ഭരണകൂടം, ജില്ലയിലെ ആരോഗ്യ പ്രവർത്തകർ എന്നിവരെ മന്ത്രി അഭിനന്ദിച്ചു. മാനദണ്ഡപ്രകാരമുള്ള തുടർ നിരീക്ഷണ നടപടികൾ തുടരും. 42 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രദേശത്തെ നിപ രഹിതമായി പ്രഖ്യാപിക്കാനാകുമെന്ന് മന്ത്രി പറഞ്ഞു.

21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ വളരെ ഉയർന്ന റിസ്ക് വിഭാഗത്തിൽപ്പെട്ട നാലു പേരെയും ഇന്ന് ക്വാറന്റൈനിൽ നിന്നും ഒഴിവാക്കി. ഇതിൽ രണ്ട് പേർ രോഗബാധിതന്റെ കുടുംബാംഗങ്ങളും രണ്ട് പേർ ആരോഗ്യ പ്രവർത്തകരുമാണ്. നിരീക്ഷണ വേളയിൽ ഒരു രോഗലക്ഷണങ്ങളും ഉണ്ടാകാത്തതിനെ തുടർന്നാണിത്. രോഗനിരീക്ഷണത്തിന്റെ ഭാഗമായി ജൂൺ 10 മുതൽ നിപ സമാന ലക്ഷണങ്ങൾ ഉള്ളവരുടെയിടയിൽ ജില്ലയിൽ നടത്തിയ പരിശോധനയിൽ 58 പേരുടെ ഫലവും നെഗറ്റീവ് ആണ് കൂടാതെ ഉയർന്ന റിസ്ക് വിഭാഗത്തിൽ ഉണ്ടായിരുന്ന 3 പേരെയും ഇന്ന് ക്വാറന്റൈനിൽ നിന്ന് ഒഴിവാക്കി. ഇതോടെ വളരെ ഉയർന്ന റിസ്ക് വിഭാഗം, ഉയർന്ന റിസ്ക് വിഭാഗം എന്നിവയിൽ നിന്നുള്ള എല്ലാവരും ക്വാറന്റൈൻ പൂർത്തിയാക്കി. കൂടാതെ കുറഞ്ഞ റിസ്ക് വിഭാത്തിൽപ്പെട്ട 24 പേരെയും ഇന്ന് നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി.

കുറഞ്ഞ റിസ്ക് വിഭാഗത്തിൽപ്പെട്ട മൂന്ന് പേർ മാത്രമാണ് ഇനി നിരീക്ഷണത്തിലുള്ളത്. നിപ രോഗ ബാധിതൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്നു. രോഗിയുടെ ഒരാഴ്ചക്കുള്ളിലെ രണ്ടു സ്രവസാമ്പിളുകളും നെഗറ്റീവ് ആയിട്ടുണ്ട്. തുടർ ചികിത്സാനടപടികൾ മെഡിക്കൽ ബോർഡ് തീരുമാനിക്കുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് 8 പേർക്ക് കൂടി ഷിഗെല്ല

സംസ്ഥാനത്ത് എട്ട് പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കൊല്ലം, കണ്ണൂർ, പാലക്കാട് രണ്ട് വീതം, തൃശൂർ, മലപ്പുറം ഒന്ന് വീതം എന്നിവിടങ്ങളിലാണിത്. സംസ്ഥാനത്ത് ജൂൺ മാസം 205 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 281 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജൂൺ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ചത്. നിലവിൽ കോഴിക്കോട് (69), വയനാട് (26), തൃശൂർ (14) ആലപ്പുഴ (5) എന്നീ നാല് ജില്ലകളിലാണ് ഔട്ബ്രേക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. മലപ്പുറം (33), തിരുവനന്തപുരം (18), കണ്ണൂർ (13), കൊല്ലം (15), ഇടുക്കി (3), എറണാകുളം (4), പാലക്കാട് (5) എന്നിവിടിങ്ങളിലും ജൂൺ മാസം ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തു.



ഖേത് ബച്ചാവോ അഭിയാൻ' കാമ്പയിനിന്റെ ഭാഗമായി സിഎംഎഫ്ആർഐ സംഘടിപ്പിച്ച ശിൽപശാല എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിൽ : ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

കൊച്ചി: വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിലെന്നു എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ.

'ഖേത് ബച്ചാവോ അഭിയാൻ' കാമ്പയിനിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയുടെ കാർഷിക അഭിവൃദ്ധി ലക്ഷ്യമിട്ട് സമഗ്ര പഠനം നടത്തി ഇതുൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഫാം ടൂറിസം രംഗത്തെ മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ല പഞ്ചായത്തിന് കീഴിലുള്ള നേര്യമംഗലത്തെ 235 ഏക്കർ കൃഷിയിടം മികവിന്റെ കേന്ദ്രമാക്കി മാറ്റും. നഗരപ്രദേശങ്ങളിലെ ഹോർട്ടികൾച്ചർ സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്.

മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാനുള്ള അടിയന്തര ശ്രമങ്ങൾ ആവശ്യമാണ്. ലാഭകരമല്ലാത്ത ഏകവിള കൃഷിരീതികൾക്ക് പകരം വിപണിയുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ടുള്ള സംയോജിത കൃഷിരീതികളാണ് പുതിയ കാലത്ത് അനുയോജ്യമെന്നും കെ ജി രാധാകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. സുസ്ഥിര കൃഷിരീതികളിലൂടെ മണ്ണ് സംരക്ഷണം ഉറപ്പാക്കാൻ സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കണമെന്ന് ശിൽപശാല ആവശ്യപ്പെട്ടു. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, സംയോജിത പോഷക പരിപാലനം, രാസവളങ്ങളോടൊപ്പം ജൈവവളങ്ങളുടെ ഉപയോഗം എന്നിവയിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത തിരിച്ചുപിടിക്കാനും കൃഷി സുസ്ഥിരമാക്കാനും സാധിക്കുമെന്ന് ശിൽപശാല വിലയിരുത്തി.പരിമിതമായ സ്ഥലങ്ങളിൽ റൂഫ്ടോപ്പ് ഗാർഡനിംഗ്, വെർട്ടിക്കൽ ഫാമിംഗ്, ന്യൂട്രീഷൻ ഗാർഡൻ, മൈക്രോ ഗ്രീൻസ്, മണ്ണില്ലാ കൃഷി അക്വാപോണിക്സ്, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ ആധുനിക നഗര കൃഷിരീതികളും ശില്പശാലയിൽ പരിചയപ്പെടുത്തി.

ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ പി മുരളീധരൻ, എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ ഷോജി ജോയി എഡിസൻ, സിഎംഎഫ്ആർഐയിലെ ഡോ സനൽ എബ്നേസർ എന്നിവർ വിഷയാവതരണം നടത്തി.

പഞ്ചായത്ത് പ്രതിനിധികൾ, കർഷക ഉൽപ്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, കർഷകർ എന്നിവർ പങ്കെടുത്തു. ഡോ സാജു ജോർജ്, ഡോ കാർത്തിക കെ എസ്. എന്നിവർ സംസാരിച്ചു.

# സിന്ധു കൃഷ്ണയ്ക്കും അഹാനയ്ക്കുമെതിരെ ഗുരുതര ആരോപണങ്ങളുമായി അമ്മ വസന്ത; യൂട്യൂബ് വീഡിയോ സമൂഹമാധ്യമങ്ങളിൽ ചർച്ചയാകുന്നു

തിരുവനന്തപുരം: നടൻ കൃഷ്ണകുമാറിൻറെ ഭാര്യ സിന്ധു കൃഷ്ണയ്ക്കും മകളും നടിയുമായ അഹാന കൃഷ്ണയ്ക്കുമെതിരെ ഗുരുതര ആരോപണങ്ങളുമായി സിന്ധുവിൻറെ അമ്മ വസന്ത രംഗത്ത്. സിന്ധുവിൻറെ സഹോദരിയുടെ മകൾ തൻവി സുധീറിൻറെ യൂട്യൂബ് ചാനലിൽ പങ്കുവെച്ച അഭിമുഖത്തിലാണ് വസന്ത മകൾക്കെതിരെയും കൊച്ചുമകൾക്കെതിരെയും കടുത്ത ആരോപണങ്ങൾ ഉന്നയിച്ചത്. വലിയ ചർച്ചകൾക്ക് വഴിവെച്ച ഈ വീഡിയോ പിന്നീട് ചാനലിൽ നിന്ന് നീക്കം ചെയ്തു. തൻറെ ഭർത്താവിൻറെ മരണശേഷം മകൾ സിന്ധു കൃഷ്ണ തന്നെ തിരിഞ്ഞുനോക്കിയിട്ടില്ലെന്ന് വസന്ത ആരോപിക്കുന്നു. 'ആ വൃത്തികെട്ട സ്ത്രീ ചത്തെങ്കിൽ ഡാഡിയെ എൻറെ വീട്ടിൽ കൊണ്ടുവന്നു നിർത്താമായിരുന്നു' എന്ന് സിന്ധു മുൻപ് ഭർത്താവ് കൃഷ്ണകുമാറിനോട് പറഞ്ഞിരുന്നതായി വസന്ത വെളിപ്പെടുത്തി. വീട്ടിൽ നിൽക്കുന്ന ഹോം നഴ്സുമാരോട് തനിക്ക് ഭ്രാന്താണെന്ന് വരുത്തിത്തീർക്കാൻ സിന്ധുവും കുടുംബവും ശ്രമിക്കുന്നുണ്ടെന്നും, തങ്ങളാണ് ശമ്പളം നൽകുന്നതെന്ന് പറഞ്ഞ് ജീവനക്കാരെ സ്വാധീനിക്കുകയാണെന്നും വസന്ത അഭിമുഖത്തിൽ പറയുന്നു. നടി അഹാന കൃഷ്ണ തന്നോട് വളരെ മോശമായാണ് പെരുമാറുന്നതെന്നും 'എടീ, അവളെ, ഇവളെ' എന്നൊക്കെയാണ് വിളിക്കാറുള്ളതെന്നും വസന്ത ആരോപിച്ചു.

ഒരിക്കൽ അഹാന തന്നെ അടിക്കാൻ തുനിഞ്ഞതായും, ദേഹത്ത് തൊട്ടാൽ പോലീസിനെ വിളിക്കുമെന്ന് തനിക്ക് പറയേണ്ടി വന്നതായും വസന്ത വ്യക്തമാക്കുന്നു. തൻറെ വിവാഹത്തിന് അമ്മൂമ്മയെ വിളിക്കില്ലെന്ന് അഹാന പറഞ്ഞതായും അവർ കൂട്ടിച്ചേർത്തു.

അതേസമയം, കൃഷ്ണകുമാറിൻറെ മറ്റ് മക്കളായ ദിയ, ഇഷാനി, ഹൻസിക എന്നിവർ തന്നോട് വളരെ മാന്യമായാണ് പെരുമാറുന്നതെന്നും അവരെക്കുറിച്ച് പരാതികളില്ലെന്നും വസന്ത പറഞ്ഞു. നിലവിൽ തന്നെ നോക്കാൻ ആരുമില്ലാത്ത സാഹചര്യത്തിലാണ് സഹോദരിയുടെ മകളായ തൻവിയെ വിളിച്ചുവരുത്തിയതെന്നും വസന്ത വീഡിയോയിൽ വ്യക്തമാക്കുന്നുണ്ട്. സമൂഹമാധ്യമങ്ങളിൽ വലിയ രീതിയിൽ ചർച്ചയായി മാറിയ ഈ ആരോപണങ്ങളോട് കൃഷ്ണകുമാറിൻറെ കുടുംബം ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

# ക്വട്ടേഷൻ ക്ഷണിച്ചു

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഓഫീസിലേക്ക് ഇമ്പീ, ഒജ പ്രിന്ററുകളുടെ കാട്രിഡ്ജ് റീഫിൽ, പ്രിന്റർ മെയിന്റനൻസ് ചെയ്യുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ളവർ ഇതിനായി പ്രതീക്ഷിക്കുന്ന തുക രേഖപ്പെടുത്തി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ ജൂലൈ 10, 3.30ന് മുമ്പായി സമർപ്പിക്കണം. ക്വട്ടേഷൻ ജൂലൈ 10, 4 മണിക്ക് തുറക്കും.

# താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2026 ലെ എൻജിനീയറിങ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള (കീം 2026) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം (ഭിന്നശേഷി വിഭാഗം ലിസ്റ്റ് ഒഴികെ) എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. താത്ക്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് സാധുവായ പരാതികൾ കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന ജൂലൈ 2 രാത്രി 11.59 നകം അറിയിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471-2332120, 0471-2338487.

# ബസ് മാറി കയറിയതിനെച്ചൊല്ലി തർക്കം; കോഴിക്കോട്ട് ബെൽ വലിച്ച് പൊട്ടിച്ച മൂന്ന് സ്ത്രീകൾ പോലീസ് കസ്റ്റഡിയിൽ

കോഴിക്കോട്: ബസ് മാറി കയറിയതിനെച്ചൊല്ലിയുണ്ടായ തർക്കത്തിനൊടുവിൽ ജീവനക്കാരുമായി വാക്കേറ്റത്തിലേർപ്പെടുകയും ബസിൻറെ ബെൽ വലിച്ച് പൊട്ടിക്കുകയും ചെയ്ത മൂന്ന് വനിതാ യാത്രക്കാരെ പോലീസ് കസ്റ്റഡിയിലെടുത്തു.

കോഴിക്കോട് - സുൽത്താൻബത്തേരി റൂട്ടിലോടുന്ന 'പ്രിയദർശിനി' ബസിലാണ് നാടകീയ സംഭവങ്ങൾ.

ബസിൽ കയറിയ ശേഷമാണ് തങ്ങൾ മാറി കയറിയതാണെന്ന വിവരം സ്ത്രീകൾ മനസിലാക്കിയത്.

തുടർന്ന് ബസ് ഉടൻ തന്നെ നിർത്തണമെന്ന് ഇവർ ജീവനക്കാരോട് ആവശ്യപ്പെട്ടു. എന്നാൽ കൃത്യമായ സ്റ്റോപ്പിലല്ലാതെ വഴിമധ്യേ ബസ് നിർത്താൻ കഴിയില്ലെന്ന് ജീവനക്കാർ നിലപാടെടുത്തതോടെ തർക്കം രൂക്ഷമാകുകയായിരുന്നു.

വാക്കേറ്റം അതിരുകടന്നതോടെ പ്രകോപിതരായ സ്ത്രീകൾ ബസിനുള്ളിലെ ബെൽ വലിച്ച് പൊട്ടിച്ചു. ഇതോടെ സർവീസ് തടസപ്പെടുകയും ബസ് ജീവനക്കാർ വിവരം ഉടൻ തന്നെ പൊലീസിനെ അറിയിക്കുകയും ചെയ്തു. സ്ഥലത്തെത്തിയ പൊലീസ് സംഘം പൊതുമുതൽ നശിപ്പിച്ചതിനും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയതിനും മൂന്ന് സ്ത്രീകളെയും കസ്റ്റഡിയിലെടുത്തു. സംഭവത്തിൽ പോലീസ് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

# വാക്ക്-ഇൻ-ഇന്റർവ്യൂ

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സഖി വൺ സ്റ്റോപ്പ് സെന്ററിലെ ഒഴിവുള്ള സെന്റർ അഡ്മിനിസ്ട്രേറ്റർ (1 ഒഴിവ്), സൈക്കോ സോഷ്യൽ കൗൺസിലർ (1 ഒഴിവ്), കേസ് വർക്കർ (2 ഒഴിവ്), സെക്യൂരിറ്റി ആൻഡ് നൈറ്റ് ഗാർഡ് (3 ഒഴിവ്), മൾട്ടി പർപ്പസ് സ്റ്റാഫ്/കുക്ക് (1 ഒഴിവ്) തസ്തികകളിൽ താൽക്കാലിക നിയമനത്തിന് ജൂലായ് 7 ഉച്ചയ്ക്ക് 2 ന് തിരുവനന്തപുരം കുടപ്പനക്കുന്ന് കളക്ടറേറ്റിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും.

ബന്ധപ്പെട്ട യോഗ്യതയുള്ളവർ അന്നേ ദിവസം സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ, പകർപ്പ്, ബയോഡേറ്റ, ആധാർ ഒറിജിനൽ, പകർപ്പ്' എന്നിവ സഹിതം ഉച്ചക്ക് 1.30 ന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: sjdwpotvpm@gmail.com , ഫോൺ : 0471 2344245.

# തീയതി നീട്ടി

സർക്കാർ ഐടിഐകളിൽ SCVT, NCVT അഫിലിയേഷനുള്ള ട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് https://det.kerala.gov.in ൽ. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ജൂലായ് 6 വരെ നീട്ടി. അപേക്ഷകർ ജൂലായ് 9 നകം തൊട്ടടുത്തുള്ള സർക്കാർ ഐടിഐകളിൽ അപേക്ഷ വെരിഫിക്കേഷൻ പൂർത്തിയാക്കണം. https://itiadmissions.kerala.gov.in വഴിയും https://det.kerala.gov.in വെബ് സൈറ്റിലെ ലിങ്ക് മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഐടിഐകളിലും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഹെൽപ്-ഡെസ്ക് സൗകര്യവുമുണ്ട്.

# ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാം

കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച്) ജൂലൈ 5 വരെ അപേക്ഷിക്കാം. ആറു മാസമാണ് കോഴ്സിന്റെ കാലാവധി.

കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെയാണ് ക്ലാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ്ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത.

പ്രായപരിധി ഇല്ല. ജേർണലിസം, മോജോ, ഡിജിറ്റൽ മാർക്കറ്റിംഗ്, കണ്ടന്റ് റൈറ്റിംഗ് ടെക്നിക്സ്, ഫോട്ടോ ജേർണലിസം, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നേടാം. അനുദിനം മാറുന്ന നവീന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമമേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും.

https://forms.gle/EAzCF8GKsRGUDcwaA ലിങ്കിലൂടെ അപേക്ഷിക്കാം. ഫോൺ: 0484 2422275, 2422068, 9388959192, വിലാസം: സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 682030.

# പ്രിന്റിങ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി നടത്തുന്ന ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പ്ലസ് ടു/ വി.എച്ച്.എസ്.ഇ/ ഡിപ്ലോമ/ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റ് ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും. പൂരിപ്പിച്ച അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജൂലൈ 24 നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2474720, 0471-2467728,

# ഡ്യുവൽ ഡിഗ്രി പ്രവേശന പരീക്ഷ

2026-27 അധ്യയന വർഷത്തേക്കുള്ള ഇൻറഗ്രേറ്റഡ് ബി.ഡെസ്+എം.ഡെസ് ഡ്യുവൽ ഡിഗ്രി കോഴ്സിലേക്ക് എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ കേരള ഇന്റഗ്രേറ്റഡ് ഡിസൈൻ ആപ്റ്റിട്യൂട് ടെസ്റ്റ് (KIDAT) ജൂലൈ 19ന് വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, 04712324396



'ഗിഫ്റ്റ് എ ട്രഡിഷൻ 2026' പദ്ധതിയുടെ ഉദ്ഘാടനം ടൂറിസം-സാംസ്കാരിക വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് കോവളത്തുള്ള കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ നിർവഹിക്കുന്നു

# രാജ്യത്തെ ആദ്യത്തെ ബ്രാൻഡഡ് ഐടി പാർക്കിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെക്നോപാർക്കിൽ തുടക്കമായി

## ടെക്നോപാർക്ക് ഫേസ്–3 ൽ യൂ ഹബ്ബ് ട്രിവാൻഡ്രം' പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നിർവ്വഹിച്ചു

## ഹൈലൈറ്റ് ഗ്രൂപ്പിൻെറ പദ്ധതിയിലൂടെ സംസ്ഥാനത്ത് 5,000 പുതിയ തൊഴിലവസരങ്ങൾ

തിരുവനന്തപുരം: ടെക്നോപാർക്ക് ഫേസ്–3 ൽ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ബ്രാൻഡഡ് ഐടി പാർക്കിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. 'യൂ ഹബ്ബ് ട്രിവാൻഡ്രം' എന്ന ബൃഹദ് പദ്ധതി മുൻനിര റിയൽ എസ്റ്റേറ്റ് കമ്പനിയായ ഹൈലൈറ്റ് ഗ്രൂപ്പ് ആണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തുടനീളമുള്ള ഗ്രൂപ്പിൻെറ വിപുലീകരണ വികസന പദ്ധതികളുടെ ഭാഗമായാണിത്. 300 കോടി രൂപയുടെ ഈ പദ്ധതി ഏകദേശം 5,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഐടി, സ്റ്റാർട്ടപ്പ് വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവ്വഹിച്ചു. പി.എം.എ. സമീർ എംഎൽഎ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരും സംബന്ധിച്ചു.

സാങ്കേതികവിദ്യയ്ക്കും നവീകരണത്തിനുമുള്ള മുൻനിര ലക്ഷ്യസ്ഥാനമെന്ന നിലയിലുള്ള കേരളത്തിൻെറ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് 'യൂ ഹബ്ബ് ട്രിവാൻഡ്രം' എന്ന് മന്ത്രി പറഞ്ഞു. ടെക്നോപാർക്കിലെ 'യൂ' യുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത ഇന്ത്യയിലെ ആദ്യത്തെ ബ്രാൻഡഡ് ഐടി വർക്ക് സ്പെയ്സ് സംസ്ഥാനത്തെ ആഗോള ബ്രാൻഡുകളുടെ ആത്മവിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു. ഈ പദ്ധതി 5,000–ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തിൻെറ ഐടി, എഐ ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഈ സംരംഭത്തിന് ഹൈലൈറ്റ് ഗ്രൂപ്പിനെ അഭിനന്ദിച്ച മന്ത്രി അവർക്ക് എല്ലാ വിജയങ്ങളും ആശംസിച്ചു.

ഐടി മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിൽ സർക്കാർ ശ്രദ്ധ നൽകുന്നുണ്ടെന്ന് ഈ പദ്ധതി മറ്റ് ഡെവലപ്പർമാർക്ക് പ്രചോദനവും ഭാവിയിലെ സാങ്കേതികവിദ്യകൾക്കുള്ള സ്വാഗതാർഹമായ സൂചനയാണെന്നും സംസ്ഥാന ഇലക്ട്രോണിക്സ്–ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു ഐഎഎസ് പറഞ്ഞു.

'യൂ ഹബ്ബ് ട്രിവാൻഡ്രം' സംസ്ഥാനത്തിൻെറ ഐടി ആവാസവ്യവസ്ഥയിൽ സുപ്രധാന ചുവടുവയ്പാണെന്ന് ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ ഐഎഎസ് പറഞ്ഞു. വിപണിയുടെ ആവശ്യകത ഏറ്റവുമധികം ഉള്ള അനുയോജ്യമായ സമയത്താണ് 5.37 ലക്ഷം ചതുരശ്ര അടി സ്ഥലത്ത് പ്രീമിയം ഗ്രേഡ്–എ ഐടി സ്പേസ് കൂട്ടിച്ചേർക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരളത്തിലെ ഏറ്റവും പ്രതീക്ഷ നൽകുന്നതും നിർണായകവുമായ മേഖലയാണ് ഐടിയെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് പറഞ്ഞു. ശരിയായ മനുഷ്യവിഭവവും നൈപുണ്യവും ഗ്രൂപ്പിനുണ്ട്. എന്നാൽ പ്രീമിയം അടിസ്ഥാന സൗകര്യങ്ങളും ബഹുരാഷ്ട്ര കമ്പനികളുമായിരുന്നു ഇല്ലാത്തത്. അതാണ് ഇപ്പോൾ ടെക്നോപാർക്കിലെ പദ്ധതിയിലൂടെ സാധ്യമാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.ആഗോളതലത്തിൽ പ്രശസ്തമായ റിയൽ എസ്റ്റേറ്റ് ഡിസൈൻ ബ്രാൻഡായ യൂ (ഥഛഛ), ലോകത്തിലെ ഏറ്റവും വലിയ ഫ്ളെക്സിബിൾ വർക്ക് സ്പെയ്സ്, ഹൈബ്രിഡ് വർക്ക് സൊല്യൂഷൻസ് ദാതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഇൻറർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് (ഐഡബ്ല്യുജി) എന്നിവയുമായി സഹകരിച്ചാണ് 'യൂ ഹബ്ബ് ട്രിവാൻഡ്രം' വികസിപ്പിച്ചിരിക്കുന്നത്.സംസ്ഥാനത്തെ ഐടി സാങ്കേതിക വികസനത്തിൽ നാഴികക്കല്ലാകുന്ന പദ്ധതിയാകും ഹൈലൈറ്റ് ഗ്രൂപ്പിൻെറ യൂ ഹബ്ബ് ട്രിവാൻഡ്രം. പ്രീമിയം വർക്ക് സ്പേയ്സുകളായാണ് ഇത് ഒരുങ്ങുന്നത്. ഇന്ത്യയിലെ ആദ്യത്തെ യൂ–ബ്രാൻഡഡ് ഐടി പാർക്കും യൂ ബ്രാൻഡിന് കീഴിലുള്ള ആഗോളതലത്തിലെ ആദ്യത്തെ ഐടി പദ്ധതിയുമാണിത്. ആധുനിക സംരംഭങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്ത ഭാവിക്ക് തയ്യാറായ ബിസിനസ് ലക്ഷ്യസ്ഥാനം സൃഷ്ടിക്കുന്നതിനായി, വഴക്കമുള്ളതും ഹൈബ്രിഡ് വർക്ക് സ്പെയ്സുകളിലുമുള്ള ഐഡബ്ല്യുജിയുടെ ആഗോള വൈദഗ്ധ്യവും ഈ സഹകരണം കൊണ്ടുവരുന്നു.1.88 ഏക്കർ സ്ഥലത്ത് ഏകദേശം 5.37 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള പദ്ധതിയിൽ ബേസ്മെൻറ്, ഗ്രൗണ്ട് ഫ്ളോർ, രണ്ട് പാർക്കിംഗ് നിലകൾ, 15 ഓഫീസ് നിലകൾ എന്നിവ ഉൾപ്പെടും. ഇത് ബഹുരാഷ്ട്ര കോർപ്പറേഷനുകൾ, ഗ്ലോബൽ കപ്പാസിറ്റി സെൻററുകൾ (ജിസിസികൾ), ടെക്നോളജി കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ, വളർന്നുവരുന്ന ഡിജിറ്റൽ സംരംഭങ്ങൾ എന്നിവയ്ക്കായി ലോകോത്തര വാണിജ്യ ആവാസവ്യവസ്ഥ സൃഷ്ടിക്കും. ഈ പദ്ധതി കേരളത്തിൻെറ വളരുന്ന സാങ്കേതിക ആവാസവ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ദീർഘകാല വ്യവസായ പുരോഗതിയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. മേഖലയിലെ സുസ്ഥിര വികസനത്തിന് പദ്ധതി പുതിയ മാനദണ്ഡം സൃഷ്ടിക്കും.

യൂ ഹബ്ബ് ട്രിവാൻഡ്രം ഇതിനകം അഭിമാനകരമായ ലീഡ് വി4.1. ബിഡി പ്ലസ് സി (ബിൽഡിംഗ് ഡിസൈൻ ആൻഡ് കൺസ്ട്രക്ഷൻ): കോർ ആൻഡ് ഷെൽ പ്രീ–സർട്ടിഫിക്കേഷൻ പ്ലാറ്റിനം ലെവൽ നേടിയിട്ടുണ്ട്. ഇത് യുഎസ് ഗ്രീൻ ബിൽഡിംഗ് കൗൺസിലിൽ നിന്നുള്ള ഏറ്റവും ഉയർന്ന സാങ്കേതിക–പരിസ്ഥിതി വിലയിരുത്തലാണ്.

ടെക്നോപാർക്ക് സിടിഒ മാധവൻ പ്രവീൺ, ടെക്നോപാർക്ക് ഡെപ്യൂട്ടി വൈസ് പ്രസിഡൻറ് (മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ, കെ.എസ്.ഐ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടർ സന്തോഷ് ബാബു ഐ.എ.എസ്, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, ടെക്നോപാർക്ക് മുൻ സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ, ഹൈലൈറ്റ് പ്രോപ്പർട്ടീസ് സി.ഇ.ഒ ഷഫീഖ് പി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




**ടെക്നോപാർക്കിൽ ഹൈലൈറ്റ് ഗ്രൂപ്പിൻെറ 'യൂ ഹബ് ട്രിവാൻഡ്രം' പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഐടി, സ്റ്റാർട്ടപ്പ്, വ്യവസായ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നിർവ്വഹിക്കുന്നു. പി.എം.എ. സമീർ എംഎൽഎ, സംസ്ഥാന ഇലക്ട്രോണിക്സ്–ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ, മുൻ സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി സുലൈമാൻ, സിഇഒ അജിൽ മുഹമ്മദ്; ഹൈലൈറ്റ് പ്രോപ്പർട്ടീസ് സിഇഒ ഷഫീഖ് പി, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് എന്നിവർ സമീപം.**

## ഭാര്യയെയും മക്കളെയും കൊലപ്പെടുത്തി യുവാവ് ജീവനൊടുക്കി

ജയ്പൂർ: രാജസ്ഥാനിലെ ഫലോദി ജില്ലയിൽ ഭാര്യയെയും മക്കളെയും കൊലപ്പെടുത്തി യുവാവ് ജീവനൊടുക്കി. ഗേന റാം (35) എന്ന യുവാവാണ് ഭാര്യ പുഷ്പ (32), മകൾ ഖുശ്ബു (13), മകൻ കിഷൻ (10) എന്നിവരെ കൊലപ്പെടുത്തിയ ശേഷം ജീവനൊടിക്കിയത്. ഗേന റാമിനെ തൂങ്ങിയ നിലയിലും ഭാര്യയെയും രണ്ട് മക്കളെയും കട്ടിലിൽ കിടക്കുന്ന നിലയിലുമാണ് കണ്ടെത്തിയത്. ഗേന റാം പുഷ്പയെയും മക്കളെയും ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം തൂങ്ങിമരിക്കുകയായിരുന്നുവെന്നാണ് പോലീസിൻെറ പ്രാഥമിക നിഗമനം. അതേസമയം, മരണത്തിൻെറ കാരണം വ്യക്തമല്ലെന്ന് പോലീസ് പറഞ്ഞു. ഫോറൻസിക് സംഘം സ്ഥലത്തെത്തി പരിശോധന നടത്തി. സംഭവത്തിൽ അന്വേഷണം നടന്നുവരികയാണ്.

## അയർലൻഡിൽ വീണു, ഇംഗ്ലണ്ടിൽ വാഴണം; ടി20 പരമ്പരക്ക് ബുധനാഴ്ച തുടക്കം

ലണ്ടൻ: ഇന്ത്യ–ഇംഗ്ലണ്ട് ടി20 പരമ്പരക്ക് ബുധനാഴ്ച തുടക്കമാകും. അയർലൻഡിനെതിരായ പരമ്പരയിലെ അപ്രതീക്ഷിത തിരിച്ചടിക്ക് പിന്നാലെയാണ് ശ്രേയസ് അയ്യരുടെ നേതൃത്വത്തിൽ ഇന്ത്യ ഇറങ്ങുന്നത്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ പോരാട്ടത്തിന് ചെസ്റ്റർ ലീ സ്ട്രീറ്റിലെ റിവർസൈഡ് ഗ്രൗണ്ടാണ് വേദിയാകുന്നത്. അയർലൻഡിനോട് പരമ്പര തോറ്റതിൻെറ ഞെട്ടലിലാണ് ടീമെന്ന് ബാറ്റിംഗ് കോച്ച് റയാൻ ടെൻ ഡോഷെട്ടെ തുറന്നുസമ്മതിച്ചിരുന്നു. അതുകൊണ്ടുതന്നെ ശ്രേയസ് അയ്യരുടെ നേതൃത്വത്തിൽ വൻ അഴിച്ചുപണികളോടെയാകും ഇംഗ്ലണ്ടിനെതിരെ ഇന്ത്യ പടയൊരുക്കുക.

ആരാധകർ ഏറെ കാത്തിരിക്കുന്ന കൗമാര താരം വൈഭവ് സൂര്യവംശിയുടെ അരങ്ങേറ്റം ബുധനാഴ്ചയുണ്ടാകുമെന്നും റിപ്പോർട്ടുകളുണ്ട്. വൈഭവ് സൂര്യവംശി പ്ലേയിംഗ് ഇലവനിലെത്തിയാൽ ആര് പുറത്താകുമെന്നതാണ് ആരാധകർക്കിടയിലെ വലിയ ചർച്ച.

## തൊഴിൽ വായ്പയ്ക് അപേക്ഷിക്കാം

തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിലുള്ള വനിതകൾക്ക് സംസ്ഥാന വനിത വികസന കോർപ്പറേഷൻ 30 ലക്ഷം രൂപ വരെ 6 മുതൽ 8 ശതമാനം പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി സ്വയം തൊഴിൽ വായ്പ നൽകുന്നു. 18നും 55നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി (വസ്തു/ ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിൽ) വായ്പ അനുവദിക്കും. ०००.സൈെറ.ീൃഴ വഴി ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471–2328257, 9496015005, 9496015000.

## കേന്ദ്ര മന്ത്രിസഭാ പുനഃസംഘടന നീളുന്നു; സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിലേക്ക് മാറിയേക്കുമെന്ന് സൂചന

ന്യൂഡൽഹി: കേന്ദ്ര മന്ത്രിസഭാ പുനഃസംഘടനയും വിപുലീകരണവും പാർലമെൻറിൻെറ വരാനിരിക്കുന്ന വർഷകാല സമ്മേളനത്തിന് മുൻപ് ഉണ്ടായേക്കില്ലെന്ന് റിപ്പോർട്ട്. ജൂലൈ 20–ഓടെ ആരംഭിക്കാൻ സാധ്യതയുള്ള വർഷകാല സമ്മേളനത്തിൽ നിർണായക നിയമനിർമാണങ്ങൾ പൂർത്തിയാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഈ സാഹചര്യത്തിൽ മന്ത്രിസഭാ മാറ്റങ്ങൾ സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിലേക്ക് നീണ്ടുപോയേക്കുമെന്നാണ് ഉന്നത വൃത്തങ്ങളിൽ നിന്നുള്ള സൂചനകൾ.

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്', മണ്ഡല പുനർനിർണയം തുടങ്ങിയ അതിനിർണായക ബില്ലുകൾ വരാനിരിക്കുന്ന സമ്മേളനത്തിൽ പാസാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ ഇരുസഭകളിലും ഭരണപക്ഷത്തിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം ഇല്ലാത്ത സാഹചര്യത്തിൽ, വോട്ടെടുപ്പിന് തൊട്ടുമുൻപ് മന്ത്രിസഭ പുനഃസംഘടിപ്പിക്കുന്നത് ഭരണകക്ഷിക്കുള്ളിൽ അതൃപ്തിക്ക് കാരണമായേക്കാമെന്ന് നേതൃത്വം വിലയിരുത്തുന്നു. മന്ത്രിസ്ഥാനത്ത് നിന്ന് ഒഴിവാക്കപ്പെടുന്ന പ്രമുഖ നേതാക്കൾ നിർണായക വോട്ടെടുപ്പുകളിൽ പാർട്ടിക്ക് തലവേദനയാകുന്നത് ഒഴിവാക്കാനാണ് ഈ നീക്കം. കൂടാതെ, സമ്മേളനത്തിന് ശേഷം വരാനിരിക്കുന്ന മന്ത്രിസ്ഥാനങ്ങൾ ഒരു 'വിലപേശൽ തന്ത്രമായി' ഉപയോഗിച്ച് സഖ്യകക്ഷികളുടെയും മറ്റ് പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കാനും ഇത് സർക്കാരിനെ സഹായിക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഔദ്യോഗിക തിരക്കുകളും മന്ത്രിസഭ പുനഃസംഘടനയുടെ കാലതാമസത്തിന് കാരണമായി വിലയിരുത്തുന്നുണ്ട്. ജൂലൈ ഒന്ന് മുതൽ മൂന്ന് വരെ ജപ്പാൻ പ്രധാനമന്ത്രിയുടെ ഇന്ത്യൻ സന്ദർശനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി തിരക്കിലായിരിക്കും. ജൂലൈ 4–ന് അദ്ദേഹം രാജസ്ഥാൻ സന്ദർശിക്കും. തുടർന്ന് ജൂലൈ 6 മുതൽ 11 വരെ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലേക്കുള്ള വിദേശപര്യടനത്തിലാണ് പ്രധാനമന്ത്രി. ഈ സാഹചര്യത്തിൽ ജൂലൈ 5 മാത്രമാണ് ഡൽഹിയിൽ ലഭ്യമായിട്ടുള്ള ഏക ദിവസം.

## തമിഴ്നാട്ടിൽ ഇനി എസി സർക്കാർ ബസുകൾ മാത്രം മതിയെന്ന് മുഖ്യമന്ത്രി വിജയ്; നിർണായക പ്രഖ്യാപനവുമായി ഗതാഗത മന്ത്രി

ചെന്നൈ: തമിഴ്നാട് സർക്കാർ ഗതാഗത കോർപ്പറേഷനുകൾ ഇനിമുതൽ എയർ കണ്ടീഷൻഡ് ബസുകൾ മാത്രം വാങ്ങിയാൽ മതിയെന്ന് മുഖ്യമന്ത്രി ജോസഫ് വിജയ് നിർദേശിച്ചതായി സംസ്ഥാന ഗതാഗത മന്ത്രി വിജയ് തമിഴൻ പാർഥിബൻ. സാധാരണക്കാരായ യാത്രക്കാർക്കും കുറഞ്ഞ ചെലവിൽ മികച്ച യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ചരിത്രപരമായ തീരുമാനം. ചെന്നൈയിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. തമിഴ്നാട്ടിലെ വിദൂര ഗ്രാമങ്ങളെപ്പോലും നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ശക്തമായ ഒരു ബസ് ശൃംഖല കെട്ടിപ്പടുക്കുകയാണ് സർക്കാരിൻെറ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ഇതിനായി വരും ദിവസങ്ങളിൽ പുതിയ റൂട്ടുകൾ ആരംഭിക്കും. സംസ്ഥാനത്തെ എല്ലാ കോണുകളിലേക്കും പൊതുഗതാഗത സൗകര്യം എത്തിക്കുക എന്ന മുഖ്യമന്ത്രിയുടെ കാഴ്ചപ്പാടിൻെറ ഭാഗമായാണ് ഈ നടപടി. നിലവിൽ കാലാവധി കഴിഞ്ഞ പഴയ ബസുകൾ ഘട്ടംഘട്ടമായി നിരത്തിൽ നിന്ന് മാറ്റുകയാണ്. പുതിയതായി വാങ്ങുന്ന ബസുകളെല്ലാം യാത്രക്കാർക്ക് കൂടുതൽ സുഖസൗകര്യങ്ങൾ നൽകുന്ന എസി ബസുകളായിരിക്കും. കൊടുംചൂടിൽ നിന്നും യാത്രാക്ലേശങ്ങളിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഈ തീരുമാനം സഹായിക്കുമെന്നും, പരിസ്ഥിതി സൗഹൃദവും ആധുനികവുമായ ഗതാഗത സംവിധാനത്തിലേക്ക് തമിഴ്നാട് മാറിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## റിഫൈനറിയിൽ നാഫ്ത മോഷണത്തിനിടെ തീപിടിത്തം; 20 പേർക്ക് പരിക്ക്

കോൽക്കത്ത: പശ്ചിമ ബംഗാളിലെ റിഫൈനറിയിൽ പൈപ്പ്ലൈനിന് തീപിടിച്ച് 20 പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഹാൽദിയ പെട്രോകെമിക്കൽസ് ലിമിറ്റഡിലെ നാഫ്ത പൈപ്പ്ലൈനിലാണ് തീപിടുത്തമുണ്ടായത്. ചൊവ്വാഴ്ച പുലർച്ചെ നാലിനായിരുന്നു അപകടം.

പ്ലാൻറിന് സമീപമുള്ള പൈപ്പ്ലൈനിൽനിന്ന് അനധികൃതമായി നാഫ്ത മോഷ്ടിക്കാനുള്ള ശ്രമത്തിനിടെ ചോർച്ചയുണ്ടായി തീപിടിത്തമുണ്ടായെന്നാണ് കമ്പനി നൽകുന്ന വിശദീകരണം. എങ്കിലും അപകടത്തിൻെറ യഥാർഥ കാരണം കണ്ടെത്താനുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

അതിജ്വലന ശേഷിയുള്ള ഇന്ധനമാണ് നാഫ്ത. വളരെ വേഗത്തിൽ കത്തുന്നതും വായുവിൽ പടരുന്നതുമായ ഹൈഡ്രോകാർബൺ ദ്രാവകമായതിനാൽത്തന്നെ ചെറിയൊരു തീപ്പൊരി ഉണ്ടായാൽ പോലും വൻ സ്ഫോടനത്തിന് കാരണമാകും. ബംഗാളിലെ പ്രമുഖ വ്യവസായ കേന്ദ്രമായ ഹാൽദിയായിലാണ് ഹാൽദിയ പെട്രോകെമിക്കൽസ് ലിമിറ്റഡ് സ്ഥിതിചെയ്യുന്നത്. കോൽക്കത്തയിൽ നിന്ന് ഏകദേശം 125 കിലോമീറ്റർ അകലെയാണിത്. നാഫ്ത പോലുള്ള പെട്രോളിയം ഉത്പന്നങ്ങൾ വലിയ സുരക്ഷാ ഭീഷണിയുള്ളതിനാൽ ഇവിടേയ്ക്ക് അനധികൃതമായി പ്രവേശിക്കുകയോ മോഷ്ടിക്കാൻ ശ്രമിക്കുകയോ ചെയ്യരുതെന്ന് കമ്പനി പ്രദേശവാസികൾക്ക് എപ്പോഴും മുന്നറിയിപ്പ് നൽകാറുള്ളതാണ്.

## കോച്ചിംഗ് സെൻററുകൾക്ക് കടിഞ്ഞാണിടാൻ കേന്ദ്രം: ദേശീയ നിയമം വരുന്നു

ന്യൂഡൽഹി: രാജ്യത്ത് ചോദ്യപേപ്പർ ചോർച്ചയും പരീക്ഷാ ക്രമക്കേടുകളും വലിയ വിവാദമായ പശ്ചാത്തലത്തിൽ കോച്ചിംഗ് സെൻററുകളെ നിയന്ത്രിക്കാൻ നിർണായക നീക്കവുമായി കേന്ദ്ര സർക്കാർ. ഇതിനായി ശക്തമായ വ്യവസ്ഥകളോടെയുള്ള പുതിയ ദേശീയ നിയമം ഉടൻ പ്രാബല്യത്തിൽ വരും. ജെഇഇ, നീറ്റ്, സിയുഇടി തുടങ്ങിയ ദേശീയ പ്രവേശന പരീക്ഷകൾക്ക് മുന്നോടിയായി വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് തടയുകയാണ് ലക്ഷ്യം.

പുതിയ നിയമം വരുന്നതോടെ കോച്ചിംഗ് സെൻററുകളുടെ വൻതോതിലുള്ള 'ടോപ്പർ' റാങ്ക് പരസ്യങ്ങൾക്ക് കർശന കടിഞ്ഞാൺ വീഴും. കൂടാതെ, സ്ഥാപനത്തിലെ അധ്യാപകരുടെ യോഗ്യത, കൃത്യമായ വിജയനിരക്ക് എന്നിവ പൊതുജനങ്ങൾക്ക് മുന്നിൽ വെളിപ്പെടുത്താൻ കോച്ചിംഗ് സെൻററുകൾ ബാധ്യസ്ഥരായിരിക്കും.

വിദ്യാർത്ഥികളുടെ മാനസിക സമ്മർദം കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികളുടെ കോച്ചിംഗ് സമയം ദിവസേന 23 മണിക്കൂറായി പരിമിതപ്പെടുത്തും. പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയവർക്ക് മാത്രമേ ഇനി മുതൽ തീവ്രമായ കോച്ചിംഗ് നൽകാൻ പാടുള്ളൂ. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിയോഗിച്ച പ്രത്യേക സമിതിയുടെ റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതോടെ നിയമനിർമാണ നടപടികൾ വേഗത്തിലാകും.

## വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ മഴക്കെടുതി അതിരൂക്ഷം; അരുണാചൽ പ്രദേശിൽ മൂന്ന് പേർ മരിച്ചു

ന്യൂഡൽഹി: വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ മഴക്കെടുതി അതിരൂക്ഷമായി തുടരുന്നു.

അരുണാചൽ പ്രദേശിൽ മിന്നൽ പ്രളയത്തിലും ഉരുൾപൊട്ടലിലും ഇതുവരെ മൂന്ന് പേർ മരിച്ചു. കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. പലയിടങ്ങളിലും മലവെള്ളപ്പാച്ചിലിൽ റോഡുകളും പാലങ്ങളും ഒലിച്ചുപോയി.

ആസാമിൽ ഏഴ് ജില്ലകളിലായി 45,000ത്തിലധികം ആളുകളെ പ്രളയം ബാധിച്ചെന്നാണ് കണക്കുകൾ. 257 ഗ്രാമങ്ങൾ ഇപ്പോഴും വെള്ളത്തിനടിയിലാണ്. നാലായിരത്തിലധികം ഹെക്ടർ കൃഷിസ്ഥലത്തെ വിളകൾ നശിച്ചു.

വ്യോമസേനയുടെയും ദേശീയ ദുരന്ത നിവാരണ സേനയുടെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആസാം, അരുണാചൽ മുഖ്യമന്ത്രിമാരുമായി ഫോണിൽ സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർഥികൾക്ക് നിർണായക പങ്ക് വഹിക്കാനാകും: മന്ത്രി കെ. മുരളീധരൻ

പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർഥികൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന പകർച്ചവ്യാധി പ്രതിരോധ സ്കൂൾതല പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മഴക്കാലത്ത് കൊതുകുകളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. വിദ്യാലയങ്ങൾ ശുചിത്വത്തിനും രോഗപ്രതിരോധത്തിനും പ്രത്യേക ശ്രദ്ധ നൽകണമെന്നും മന്ത്രി പറഞ്ഞു. ആവശ്യമായ സാഹചര്യങ്ങളിൽ മാസ്ക് ധരിക്കുന്നതുൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. പകർച്ചവ്യാധികളുടെ വ്യാപനം കൃത്യമായി മനസിലാക്കാൻ പരിശോധനകൾ വർധിപ്പിച്ചിട്ടുണ്ടെന്നും രോഗവ്യാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു.

ശുചിത്വ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും സർക്കാർ വകുപ്പുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഉൾപ്പെടെ എല്ലാവരും പങ്കാളികളാകണമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ആഴ്ചയിൽ മൂന്ന് ദിവസം 'ഡ്രൈ ഡേ' ആചരിച്ച് കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരികയാണ്.

സുൽത്താൻ ബത്തേരിയിലെ ഒരു സ്കൂളിൽ വയറിളക്കബാധ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ചികിത്സയിലൂടെ 21 കുട്ടികളും രോഗമുക്തരായതായി മന്ത്രി അറിയിച്ചു. ഷിഗെല്ല ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾക്കെതിരെയും ഡെങ്കിപ്പനി പോലുള്ള മഴക്കാല രോഗങ്ങൾക്കെതിരെയും ജാഗ്രത തുടരുകയാണ്. നിപ്പ പ്രതിരോധ പ്രവർത്തനങ്ങളും ഇത്തവണ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. നിപ്പ രോഗബാധിതന് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ മികച്ച ചികിത്സ ഉറപ്പാക്കി. ഇതിനായി സംസ്ഥാനത്ത് ലഭ്യമല്ലാതിരുന്ന മരുന്ന് ബഹ്റൈനിൽ നിന്ന് സമയബന്ധിതമായി എത്തിക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു. ആരോഗ്യ പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനമാണ് രോഗപ്രതിരോധ രംഗത്തെ നേട്ടങ്ങൾക്ക് കരുത്താകുന്നതെന്നും മന്ത്രി പറഞ്ഞു.

ജാഗ്രതയോടെ പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർഥികൾ പങ്കാളികളാകണമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ പറഞ്ഞു. ജല, കൊതുക്ജന്യ രോഗങ്ങളുള്ളടക്കമുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ കഴിയണം. കുടുംബാഗങ്ങളുടെയും പൊതുസമൂഹത്തിന്റെയും ജീവനും ആരോഗ്യത്തിനും സംരക്ഷണമൊരുക്കാൻ പ്രതിജ്ഞയെ പ്രാവർത്തികമാക്കാൻ വിദ്യാർഥികൾക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു. വിദ്യാർഥികൾക്ക് മന്ത്രി ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മന്ത്രി എൻ. ഷംസുദ്ദീൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ഹൈപവർ കമ്മിറ്റി ചെയർമാൻ ഡോ. എസ്. എസ്. ലാൽ വിഷയാവതരണം നടത്തി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി സ്വാഗതം ആശംസിച്ചു. അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്) ഡോ. റീത്ത കെ. പി., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർനോൾഡ് ദീപക്, സ്കൂൾ പി.ടി.എ. പ്രസിഡന്റ് ബ്രിജിത്ത് ലാൽ, സ്കൂൾ പ്രിൻസിപ്പൽ ഗ്രീഷ്മ വി. എന്നിവർ സംബന്ധിച്ചു.




പകർച്ച വ്യാധി പ്രതിരോധ പ്രചരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ നിർവഹിക്കുന്നു

## ശബരിമല സ്വർണക്കൊള്ളക്കേസ്: എസ്ഐടി അന്വേഷണത്തിൽ സർക്കാർ ഇടപെട്ടിട്ടില്ല– ചെന്നിത്തല

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളക്കേസിൽ ഉപ്പ് തിന്നവർ വെള്ളം കുടിയ്ക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. എസ്ഐടി അന്വേഷണത്തിൽ സർക്കാർ ഇടപെട്ടിട്ടില്ലെന്നും ശരിയായ രീതിയിൽ അന്വേഷണം നടക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 2025 ൽ ശബരിമലയിൽ നിന്നു ദ്വാരപാലകശിൽപ്പ പാളികൾ സ്വർണം പൂശാൻ ചെന്നൈയിലേക്ക് കൊണ്ട് പോയ സംഭവത്തിൽ ക്രമക്കേടുകൾ നടന്നുവെന്ന് ഹൈക്കോടതി നിരീക്ഷിക്കുകയും കഴിഞ്ഞ ഭരണസമിതി പ്രസിഡൻറ് പി. എസ്. പ്രശാന്ത് ഉൾപ്പെടെയുള്ളവർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്താൻ ഹൈക്കോടതി തിങ്കളാഴ്ച ഉത്തരവിട്ടിരുന്നു. തനിക്കെതിരെ രാഷ്ട്രീയപ്രേരിതമായാണ് സർക്കാർ നീങ്ങുന്നതെന്ന് തിങ്കളാഴ്ച പി. എസ്. പ്രശാന്ത് ആരോപിച്ചിരുന്നു. പ്രശാന്തിൻറെ ആരോപണങ്ങൾക്ക് മറുപടിയായാണ് ആഭ്യന്തര മന്ത്രി ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

## ബൈക്കിന് മുകളിലേക്ക് മരച്ചില്ല ഒടിഞ്ഞുവീണു; യുവാവിന് ദാരുണാന്ത്യം

ഇടുക്കി: ബൈക്കിൽ സഞ്ചരിക്കുന്നതിനിടെ മരച്ചില്ല ഒടിഞ്ഞുവീണ് യുവാവിന് ദാരുണാന്ത്യം. ചൊവ്വാഴ്ച ഉച്ചയ്ക്ക് ഒന്നിന് ഏലപ്പാറ ചെമ്മണ്ണിലുണ്ടായ സംഭവത്തിൽ ചെമ്മണ്ണ് സ്വദേശി തടത്തിൽ പ്രണവ് (21) ആണ് മരിച്ചത്.പ്രണവ് സഞ്ചരിച്ചിരുന്ന ഇരുചക്ര വാഹനത്തിന് മുകളിലേക്ക് മരച്ചില്ല ഒടിഞ്ഞുവീഴുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ പ്രണവിനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.മൃതദേഹം നിലവിൽ പീരുമേട് താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം പോസ്റ്റ്മോർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകും.

## ബിശ്വനാഥ് സിൻഹ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റു

സംസ്ഥാനത്തിന്റെ 51 -മത് ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ ചുമതലയേറ്റു. സെക്രട്ടേറിയറ്റിലെ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ വിരമിക്കുന്ന ചീഫ് സെക്രട്ടറി ഡോ എ ജയതിലകിൽ നിന്നും അദ്ദേഹം ചുമതല ഏറ്റുവാങ്ങി. 2028 സെപ്റ്റംബർ വരെയാണ് അദ്ദേഹത്തിന്റെ കാലാവധി.1992 ബാച്ച് കേരളാ കേഡർ ഉദ്യോഗസ്ഥനായ ബിശ്വനാഥ് സിൻഹ ബിഹാർ സ്വദേശിയാണ്. 2023 മുതൽ ആഭ്യന്തര, വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു.

# പിണറായിയെപ്പോലൊരാൾ അങ്ങനെ പറയരുതെന്ന് സ്പീക്കർ; സഭയിൽ വാക്പോര്

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച അടിയന്തര പ്രമേയ ചർച്ചയ്ക്കിടെ നിയമസഭയിൽ ഭരണ–പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ വാക്പോര്. ഫിഷറീസ് മന്ത്രിക്ക് മറുപടി പറയാൻ കഴിവുകേടുണ്ടെന്നെ രീതിയിലുള്ള പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ പരാമർശത്തിന് പിന്നാലെയാണ് സഭയിൽ ബഹളം ഉയർന്നത്.

പിണറായിയെപ്പോലൊരാൾ ഇത്തരമൊരു പരാമർശം നടത്തരുതെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിൽ വ്യക്തമാക്കി. അടിയന്തര പ്രമേയത്തിന് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ മറുപടി നൽകുന്നതിനിടെ മന്ത്രി ഷിബു ബേബി ജോൺ എഴുന്നേറ്റ് സംസാരിച്ചതാണ് തർക്കങ്ങൾക്ക് വഴിവെച്ചത്.

മന്ത്രിക്ക് കാര്യങ്ങൾ വിശദീകരിക്കാൻ ശേഷിയില്ലാത്തതിനാലാണ് സഹപ്രവർത്തകർ ഇടപെടേണ്ടി വരുന്നത് എന്ന രീതിയിലായിരുന്നു പ്രതിപക്ഷ നേതാവിൻറെ വിമർശനം. എന്നാൽ ഷിബു ബേബി ജോണിൻറെ ഇടപെടലിനെ മുഖ്യമന്ത്രി വി. ഡി. സതീശൻ സഭയിൽ പൂർണമായി ന്യായീകരിച്ചു.

പ്രതിപക്ഷ നേതാവിൻറെ പ്രസ്താവനയ്ക്കെതിരെ ഭരണപക്ഷം ഒന്നടങ്കം എഴുന്നേറ്റ് ശക്തമായ പ്രതിഷേധം ഉയർത്തിയതോടെ സഭയിൽ ഏറെനേരം അനിശ്ചിതാവസ്ഥയും ബഹളവുമുണ്ടായി. ഒടുവിൽ താൻ ആരെയും വ്യക്തിപരമായി അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നും ഫിഷറീസ് മന്ത്രിക്ക് കഴിവില്ലെന്ന് പറഞ്ഞിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് വിശദീകരിച്ചു.

ട്രോളിംഗ് നിരോധന കാലത്ത് പഞ്ഞമാസ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു സജി ചെറിയാൻറെ അടിയന്തര പ്രമേയ നോട്ടീസ്. സർക്കാർ വന്ന് ഒന്നരമാസത്തിൽ എല്ലാം ശരിയാകുമെന്ന ധാരണയില്ല. പത്തു ലക്ഷം മത്സ്യത്തൊഴിലാളികളുണ്ട്. കാലാവസ്ഥാവ്യതിയാനവും കടലിൽ പോകാനാകാത്ത അവസ്ഥയും ജീവിതം ദുരിതമാക്കുന്നു.

കേന്ദ്ര വിഹിതം ഒരു കാലത്തും സമയത്ത് കിട്ടിയിട്ടില്ല. അത് നേരത്തെ തന്നെ സംസ്ഥാനം നൽകുകയാണ് പതിവ്. കഴിഞ്ഞ അഞ്ച് വർഷവും അത് തന്നെയാണ് ചെയ്തതെന്ന് സജി ചെറിയാൻ ചൂണ്ടിക്കാട്ടി. മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി വഴി സഹായവും സൗജന്യ റേഷനും നൽകാറുണ്ടെന്ന് ഫിഷറീസ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ മറുപടി നൽകി.

ആദ്യ ഗഡു 1500 രൂപ മൂന്ന് ജില്ലകളിൽ നൽകി. ബാക്കി ഇടങ്ങളിൽ അധികം വൈകാതെ നൽകുമെന്നും മന്ത്രി അറിയിച്ചു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ആദ്യ ഗഡു നൽകാറുള്ളത്. രണ്ടാം ഗഡു കേന്ദ്ര സഹായമാണ്. അത് കിട്ടാനുള്ള നടപടി തുടങ്ങിയെന്നും മന്ത്രി വ്യക്തമാക്കി.

# കേരളത്തിന്റെ വികസനമാറ്റത്തിന് ടീം വർക്ക് അനിവാര്യം: മുഖ്യമന്ത്രി

## ചീഫ് സെക്രട്ടറി ഡോ. എ ജയതിലകിന് യാത്രയയപ്പ് നൽകി

കേരളത്തിന്റെ സമഗ്രമായ വികസന മാറ്റത്തിനായി ഓൾ ഇന്ത്യ സർവീസിലെയും സെക്രട്ടേറിയറ്റിലെയും മറ്റ് സർക്കാർ മേഖലകളിലെയും ഉദ്യോഗസ്ഥർ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. വിരമിക്കുന്ന ചീഫ് സെക്രട്ടറി ഡോ എ ജയതിലകിനും അഡിഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ എൻ ഖോബ്രഗഡെയ്ക്കും സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ സർക്കാർ നൽകിയ യാത്രയയപ്പ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.വിരമിക്കൽ ജീവിതത്തിന്റെ അവസാനമല്ല, പുതിയൊരു കാലഘട്ടത്തിന്റെ തുടക്കമാണിത്. മുൻപ് വിരമിക്കൽ ജീവിതത്തിന്റെ അവസാനമായാണ് പലരും കണ്ടിരുന്നതെങ്കിലും ഇന്ന് സാഹചര്യങ്ങൾ മാറി. ആയുർദൈർഘ്യം വർധിച്ചതിനാൽ സർവീസിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കാലം ആളുകൾക്ക് വിരമിച്ച ശേഷമുള്ള ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഈ മാറ്റം പരിഗണിച്ചാണ് പുതിയ ബജറ്റിൽ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. മുതിർന്ന പൗരന്മാർക്ക് കൂടുതൽ ക്രിയാത്മകമായി സമൂഹത്തിന് സംഭാവന ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ സേവനങ്ങളെ മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദിച്ചു. പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് സജീവമായി പ്രവർത്തിച്ചു. മന്ത്രിമാരുടെ വകുപ്പ് വിഭജനം, ഗവർണറുടെ നയപ്രഖ്യാപനം, ധവളപത്രം, ബജറ്റ് തുടങ്ങിയ സുപ്രധാന കാര്യങ്ങളിൽ അദ്ദേഹം നൽകിയ പിന്തുണ വിലമതിക്കാനാകാത്തതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏത് വിഷയവും ആഴത്തിൽ പഠിച്ച് കൃത്യമായ മറുപടി നൽകുന്ന ഉദ്യോഗസ്ഥനാണ് ഡോ രാജൻ എൻ ഖോബ്രഗഡെയെന്നും താൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ മികച്ച സേവനങ്ങളെ കമ്മിറ്റി പ്രത്യേകം അഭിനന്ദിച്ചിരുന്നതായും അദ്ദേഹം ഓർമിച്ചു.

കേരളം ഇപ്പോൾ നിർണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്നും എല്ലാ മേഖലകളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുമെന്നും അതിനായി ടീം വർക്ക് അനിവാര്യമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് മുന്നിലുള്ള ജീവിതഘട്ടത്തിലും സമൂഹത്തിനും സംസ്ഥാനത്തിനും വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.

സംസ്ഥാന സർക്കാരിന്റെ ഉപഹാരം ഡോ എ ജയതിലകിനും ഡോ രാജൻ എൻ ഖോബ്രഗഡെയ്ക്കും മുഖ്യമന്ത്രി സമ്മാനിച്ചു.വിരമിക്കുന്ന രണ്ട് ഉന്നത ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നുവെന്ന് വ്യവസായ വകുപ്പ് മന്ത്രി കെ കുഞ്ഞാലികുട്ടി പറഞ്ഞു. നിയുക്ത ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ സ്വാഗതം ആശംസിച്ച ചടങ്ങിൽ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ പങ്കെടുത്തു. പൊതുഭരണ വകുപ്പ് സെക്രട്ടറി കെ ബിജു നന്ദി അറിയിച്ചു.

# ഇന്നലെ പോസ്റ്റിട്ടു, ഇന്ന് ഡിലീറ്റ് ചെയ്തു; റെജി ചെറിയാനെതിരായ കുറിപ്പ് ഡിവൈഎഫ്ഐ നേതാവ് മുക്കി

ആലപ്പുഴ: റെജി ചെറിയാൻ എംഎൽഎ മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കിയെന്ന ഫേസ്ബുക്ക് പോസ്റ്റ് ഡിവൈഎഫ്ഐ ആലപ്പുഴ ജില്ലാ സെക്രട്ടറി പിൻവലിച്ചു. തിങ്കളാഴ്ച രാത്രിയാണ് എംഎൽഎയുടെ വാഹനം അപകടത്തിൽപ്പെട്ടത്.

ഇതിനു പിന്നാലെ എംഎൽഎ മദ്യപിച്ച് വാഹനം ഓടിച്ചുവെന്ന് ആരോപിച്ച് ഡിവൈഎഫ്ഐ ആലപ്പുഴ ജില്ലാ സെക്രട്ടറി ജെയിംസ് സാമുവൽ ഫേസ്ബുക്കിൽ പോസ്റ്റിട്ടിരുന്നു. ചൊവ്വാഴ്ച രാവിലെയോടെ ജെയിംസ് ഈ പോസ്റ്റ് ഒൺലി മീ എന്ന പ്രൈവസി ഓപ്ഷനിലേക്ക് മാറ്റിയിരുന്നു.

വിവരമറിഞ്ഞ് മാധ്യമപ്രവർത്തകർ എത്തിയതോടെ പോസ്റ്റ് വീണ്ടും പബ്ലിക് ആക്കി. സംഭവം വിവാദമായതോടെ പോസ്റ്റ് ഡിലീറ്റ് ചെയ്ത് ഡിവൈഎഫ്ഐ നേതാവ് മലക്കംമറിയുകയായിരുന്നു. തിങ്കളാഴ്ച രാത്രി എട്ടിന് ചമ്പക്കുളത്ത് വച്ച് എംഎൽഎ സഞ്ചരിച്ച കാറിടിച്ച് നെടുമുടി സ്വദേശിയായ ബൈക്ക് യാത്രികന് പരിക്കേറ്റിരുന്നു.

അപകട സമയത്ത് എംഎൽഎ തന്നെയാണ് വാഹനം ഓടിച്ചിരുന്നതെന്നും അദ്ദേഹം മദ്യപിച്ചിരുന്നെന്നുമാണ് ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറിയുടെ ആരോപണം. എന്നാൽ ഈ ആരോപണങ്ങൾ പാടെ നിഷേധിച്ചുകൊണ്ട് റെജി ചെറിയാൻ എംഎൽഎ രംഗത്തെത്തിയിരുന്നു. ഇതിനു പിന്നാലെ പോസ്റ്റ് ഡിവൈഎഫ്ഐ നേതാവ് പിൻവലിക്കുകയായിരുന്നു.

# ചേർത്തലയിൽ ഗൃഹനാഥൻ കുഴഞ്ഞുവീണ് മരിച്ച സംഭവം കൊലപാതകം; മകൻ കസ്റ്റഡിയിൽ

ആലപ്പുഴ: ചേർത്തലയിൽ ഗൃഹനാഥൻ കുഴഞ്ഞുവീണ് മരിച്ച സംഭവം കൊലപാതകമാണെന്ന നിഗമനത്തിൽ പോലീസ്. സംഭവത്തിൽ മരിച്ച ജയരാജൻറെ മകനെ പോലീസ് കസ്റ്റഡിയിലെടുത്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരത്തിൽ മർദനമേറ്റ പാടുകളും മുറിവുകളും കണ്ടെത്തിയതോടെയാണ് കേസ് കൊലപാതകമാണെന്ന നിഗമനത്തിലേക്ക് പോലീസ് എത്തിയത്.

ഞായറാഴ്ചയാണ് ജയരാജനെ വീടിനു പുറത്ത് കുഴഞ്ഞുവീണ നിലയിൽ കണ്ടെത്തിയത്. എന്നാൽ ഇയാളെആശുപത്രിയിൽ എത്തിക്കുന്നതിൽ വീട്ടുകാർ വലിയ താമസം വരുത്തി. മണിക്കൂറുകൾക്ക് ശേഷം മാറി താമസിക്കുന്ന മൂത്ത മകൻ ശ്രീജിത്ത് എത്തിയാണ് ഇയാളെ ചേർത്തല താലൂക്ക് ആശുപത്രിയിൽ എത്തിച്ചത്. അപ്പോഴേക്കും മരണം സംഭവിച്ചിരുന്നു.

ശരീരത്തിൻറെ പല ഭാഗത്തും മുറിവുകളും മർദനമേറ്റ പാടുകളും കണ്ടെത്തിയതോടെ ആശുപത്രി അധികൃതർ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. പോസ്റ്റുമോർട്ടം റിപ്പോർട്ടിലാണ് സംഭവം കൊലപാതകമാണെന്ന കണ്ടെത്തലിലേക്ക് പോലീസ് എത്തിയത്. പ്രാഥമികമായി പോലീസ് നടത്തിയ അന്വേഷണത്തിൽ വീട്ടിൽ വഴക്കുണ്ടായതായും കണ്ടെത്തിയിട്ടുണ്ട്.

